I ഇ.ബി. XIII-കേരള നിയമസഭ/XIII-8

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2015 മാർച്ച് 23, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട സ്പീക്കർ ചോദ്യോത്തരവേളയിലേയ്ക്ക് കടന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സീറ്റിൽനിന്ന് എഴുന്നേൽക്കുകയും അദ്ദേഹത്തിന് സംസാരിക്കാൻ ചെയർ അനുമതി നൽകുകയും ചെയ്തു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സസ്പെന്റ് ചെയ്യപ്പെട്ട എം.എൽ.എ.-മാരെ തിരിച്ചെടുക്കുക, വനിതാ എം.എൽ.എ.-മാർക്കുനേരെ ഭരണകക്ഷി അംഗങ്ങൾ നടത്തിയിട്ടുള്ള അത്യന്തം നീചവും ക്രൂരവുമായ നടപടിക്ക് പരിഹാരമുണ്ടാക്കുക, ശരിയായ രീതിയിൽ ബഡ്ജറ്റ് അവതരിപ്പിച്ച് ചർച്ച ചെയ്യുക എന്നീ കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 13.03.2015-ന് നിയമസഭയിൽ നടന്ന സംഭവങ്ങൾ ലോകം മുഴുവൻ കണ്ടതാണ്. തെറ്റ് ചെയ്യാത്തവരെ ശിക്ഷിക്കാൻ

ഈ ഗവൺമെന്റ് ഒരിക്കലും കൂട്ടുനിൽക്കുകയില്ല. നമുക്ക് ഒരുമിച്ചിരുന്ന് ആ ദൃശ്യങ്ങൾ പരിശോധിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒരുമിച്ചിരുന്ന് ദൃശ്യങ്ങൾ കണ്ടിട്ടാണോ പ്രതിപക്ഷത്തെ അഞ്ച് എം.എൽ.എ.-മാരെ സസ്പെന്റ് ചെയ്തത്; ഇക്കാര്യത്തിൽ ഏകപക്ഷീയമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: ആ അഞ്ചുപേർ മാത്രമല്ല കുറ്റക്കാരെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പക്ഷേ ഞങ്ങൾ മിതമായ നടപടിയാണ് കൈക്കൊണ്ടത്. ഭരണപക്ഷ എം.എൽ.എ.-മാർ ആരുംതന്നെ വനിതാ എം.എൽ.എ.-മാരോട് ഒരു തെറ്റും ചെയ്തിട്ടില്ലായെന്നുള്ളത് ദൃശ്യങ്ങൾ പരിശോധിച്ചതിൽനിന്നും ബോധ്യപ്പെട്ടിട്ടുള്ളതാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് ഡയസ്സിന് സമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ചോദ്യോത്തരങ്ങൾ, അടിയന്തരപ്രമേയം. ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദു ചെയ്തുകൊണ്ട് കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേക്ക് കടന്നു.)

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അറുപത്തി എട്ട് മുതൽ എൺപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകളും പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടും മേശപ്പുറത്തുവച്ചു.

## പ്രമേയം

### ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): " 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെമേൽ വിഷയനിർണ്ണയ സമിതികൾ നടത്തേണ്ട സൂക്ഷ്മപരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് വിഷയനിർണ്ണയ സമിതികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ ഉപചട്ടം (2) ധനാഭ്യർത്ഥനകൾ പരിഗണിക്കുന്ന അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2015-2016 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു."

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

(ഉപക്ഷേപം സഭ അംഗീകരിക്കുകയും വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുകയും ചെയ്തു.)

## നിയമനിർമ്മാണകാര്യം

### (1) 2015-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): 2015-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2015-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (3) 2015-ലെ കേരള ധനകാര്യ ബില്ലിന്റേയും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റേയും അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനകാര്യ ബില്ലും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗം മേശപ്പുറത്തുവച്ചു.)

## അവകാശലംഘന പ്രശ്നങ്ങൾ

അവകാശലംഘന പ്രശ്നങ്ങളെ സംബന്ധിച്ച അറിയിപ്പുകൾ മേശപ്പുറത്തുവച്ചു.

## പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭയുടെ നടപ്പുസമ്മേളനം അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(പ്രമേയം സഭ അംഗീകരിച്ചു.)

(സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 8.48-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * * * * * * * *